കടലിലെ രക്ഷാപ്രവർത്തനങ്ങൾക്ക് പരിശീലനം ലഭിച്ചവർ

117 (1009) ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീ. കെ. ബാബു :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടലിൽ ഫസ്റ്റ് എയ്ഡ് നൽകുക, ബേസിക് നാവിഗേഷൻ മുതലായ കാര്യങ്ങളിൽ 9-9-2002 മുതൽ ഒരു മാസക്കാലത്തേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ടവർക്ക് പരിശീലനം നൽകുകയുണ്ടായോ ;

(ബി) ഈ പരിശീലനത്തിൽ പങ്കെടുത്ത് വിജയകരമായി കോഴ്സ് പൂർത്തിയാക്കിയവരിൽ നിന്ന് എന്തെല്ലാം സേവനങ്ങളാണ് പ്രതീക്ഷിക്കുന്നത് ;

(സി) മൺസൂൺ കാലത്ത് മത്സ്യബന്ധനത്തിന് പോകുന്നവരുടെ രക്ഷയ്ക്കു വേണ്ടി ഇവരെ നിയമിക്കാനുദ്ദേശമുണ്ടോ ;

(ഡി) എങ്കിൽ ഇതുവരെ എത്രപേരെ ഇക്കാര്യത്തിന് നിയമിച്ചു ;

(ഇ) തീരദേശ സേനയിലേയ്ക്കുള്ള നിയമനങ്ങളിൽ ഇവർക്ക് മുൻഗണന നൽകുവാൻ ഉദ്ദേശമുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 9-9-2002 മുതൽ 8-10-2002 വരെ തെരഞ്ഞെടുത്ത 66 മത്സ്യത്തൊഴിലാളികൾക്ക് കടൽ രക്ഷാ പ്രവർത്തനം, ഫസ്റ്റ് എയ്ഡ് തുടങ്ങിയവയിൽ പരിശീലനം നൽകുകയുണ്ടായി.

(ബി) ആവശ്യം വരുന്ന ഘട്ടങ്ങളിൽ കടൽ രക്ഷാപ്രവർത്തനങ്ങൾക്ക് പരിശീലനം ലഭിച്ച വ്യക്തികളുടെ സേവനമാണ് പ്രതീക്ഷിക്കുന്നത്.

(സി) മൺസൂൺ കാലത്ത് കടൽ രക്ഷാപ്രവർത്തനങ്ങൾ വേണ്ടിവരുന്ന ഘട്ടങ്ങളിൽ ആവശ്യാനുസരണം പരിശീലനം ലഭിച്ചവരുടെ സേവനം ദിവസക്കൂലി അടിസ്ഥാനത്തിൽ ഉപയോഗപ്പെടുത്തി വരുന്നുണ്ട്.

(ഡി) 8 പേരെ.

(ഇ) തീരദേശ സേനയിലേയ്ക്കുള്ള നിയമനരീതി തീരുമാനമായിട്ടില്ല.

മത്സ്യഫെഡ് നടപ്പിലാക്കുന്ന ഇൻഷ്വറൻസ് പദ്ധതി

118 (1010) ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളികൾക്കായി മത്സ്യഫെഡ് നടപ്പിലാക്കി വരുന്ന ഇൻഷ്വറൻസ് പദ്ധതിയുടെ പുരോഗതി വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ പദ്ധതിയുടെ ആനുകൂല്യങ്ങൾ യഥാസമയം മൽസ്യത്തൊഴിലാളികൾക്ക് ലഭ്യമാകുന്നില്ലെന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഈ പദ്ധതി സുതാര്യമായി നടപ്പിലാക്കാൻ സർക്കാർ എന്തെങ്കിലും നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ ;

(ഡി) വിശദവിവരം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) മത്സ്യഫെഡ് മത്സ്യത്തൊഴിലാളികൾക്കായി ജനതാ വ്യക്തിഗത അപകട ഇൻഷ്വറൻസ് പദ്ധതി പൊതുമേഖലാ സ്ഥാപനമായ നാഷണൽ ഇൻഷ്വറൻസ് കമ്പനി മുഖേന 1995-96 മുതൽ 2001-2002 വരെ നടപ്പിലാക്കിയിരുന്നു. 2002-2003 സാമ്പത്തിക വർഷത്തിൽ ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനിയുമായി ചേർന്നാണ് പദ്ധതി നടപ്പിലാക്കിയത്. ഇതിന് 60457 മത്സ്യത്തൊഴിലാളികൾ പ്രീമിയം അടച്ച് അംഗത്വമെടുക്കുകയുണ്ടായി. 35 ക്ലെയിമുകൾ കമ്പനിക്ക് സമർപ്പിച്ചതിൽ 18 എണ്ണം തീർപ്പായി. ബാക്കിയുള്ള ക്ലെയിമുകൾ കൂടി കാലതാമസം കൂടാതെ തീർപ്പാക്കണമെന്ന് കമ്പനിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

2003-2004-ൽ മത്സ്യത്തൊഴിലാളി അപകട ഇൻഷ്വറൻസ് പദ്ധതി 45 രൂപ പ്രീമിയത്തിൽ ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനിയുമായി ചേർന്ന് നടപ്പിലാക്കിയിട്ടുണ്ട്. പ്രാഥമിക സഹകരണ സംഘങ്ങളിൽ അംഗങ്ങളായിട്ടുള്ള 45,915 പേർ പദ്ധതിയിൽ ചേർന്നിട്ടുണ്ട്.

(ബി) ഉണ്ട്.

(സി&ഡി) ഉണ്ട്. 1996-1997 സാമ്പത്തിക വർഷം മുതൽ മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിലെ മുഴുവൻ അംഗങ്ങൾക്കും പരിരക്ഷ ലഭിക്കത്തക്ക വിധമാണ് പദ്ധതി നടപ്പിലാക്കിയിരുന്നത്. നാഷണൽ ഇൻഷ്വറൻസ് കമ്പനിയാണ് പദ്ധതി ഏറ്റെടുത്തിരുന്നത്. സഹകരണ സംഘങ്ങളിൽ അംഗത്വം ഉള്ളവർക്ക് 50,000 രൂപയും മുൻകൂറായി പ്രീമിയം അടച്ചവർക്ക് 1,50,000 രൂപയുമായിരുന്നു അപകട മരണത്തിന് നഷ്ടപരിഹാര തുക. എന്നാൽ അംഗത്വം സംബന്ധിച്ചും പ്രീമിയം തുക അടയ്ക്കുന്നതു സംബന്ധിച്ചും പല പ്രശ്നങ്ങളും ഉണ്ടായതുകൊണ്ട് പല ക്ലെയിമുകളിലും തീർപ്പു കൽപ്പിക്കുന്നതിൽ കാലതാമസം വരികയുണ്ടായി.

2002-2003-ൽ മുൻകൂറായി പ്രീമിയം അടച്ചവർക്കു മാത്രമായി പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചു. ക്വട്ടേഷനിൽ ഏറ്റവും കുറഞ്ഞ പ്രീമിയം തുക ഓഫർ ചെയ്ത ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനിയുമായി ചേർന്ന് 24 രൂപ വാർഷിക പ്രീമിയത്തിൽ പദ്ധതി നടപ്പിലാക്കി. പ്രാഥമിക സംഘങ്ങളിൽ അംഗങ്ങളായിട്ടുള്ള 60349 പേർ പ്രീമിയം അടച്ച് പദ്ധതിയിൽ ചേർന്നു. 33 അപകട മരണ ക്ലെയിമുകളും 2 അംഗവൈകല്യത്തിനുള്ള ക്ലെയിമുകളും 2002-2003 വർഷം ലഭിച്ചതിൽ 16 എണ്ണം അനുവദിക്കുകയും രണ്ടെണ്ണം തിരസ്ക്കരിക്കുകയും ചെയ്തു. 22.5 ലക്ഷം രൂപ നഷ്ടപരിഹാരമായി കമ്പനി നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

2003-2004-ൽ 45 രൂപ പ്രീമിയതുക അടച്ച് 45915 മത്സ്യത്തൊഴിലാളികൾ പദ്ധതിയിൽ അംഗത്വം എടുക്കുകയുണ്ടായി. ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനിയുമായി ചേർന്നാണ് ഇത് നടപ്പിലാക്കുന്നത്. നാളിതുവരെ 5 അപകട മരണ ക്ലെയിമുകൾ ലഭിച്ചിട്ടുണ്ട്.

മത്സ്യഫെഡിൽ ക്രമക്കേട് നടത്തിയവർക്കെതിരെ നടപടി

119 (1011) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യഫെഡിലെ സുസുക്കി, ഔട്ട്ബോർഡ് എൻജിൻ ഇടപാടിലും ഇൻഷ്വറൻസ് പദ്ധതികളിലും മെഡിക്കൽ ക്ലെയിം പദ്ധതികളിലും വ്യാപകമായ സാമ്പത്തിക ക്രമക്കേടുകൾ നടക്കുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ വിഷയവുമായി ബന്ധപ്പെട്ട് ഗവൺമെന്റ് എന്തെങ്കിലും രീതിയിലുള്ള അന്വേഷണം നടത്തിയിട്ടുണ്ടോ ;

(സി) കുറ്റക്കാരായവർക്കെതിരെ നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) ക്രമക്കേടുകൾ നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഫിഷറീസ് സഹകരണസംഘം രജിസ്ട്രാർ സഹകരണ നിയമത്തിലെ 66-ാം വകുപ്പുപ്രകാരം മത്സ്യഫെഡിലെ ഔട്ട് ബോർഡ് എൻജിൻ ഇറക്കുമതിയും ഇൻഷ്വറൻസ് പദ്ധതിയുമായി ബന്ധപ്പെട്ട് നടന്ന ക്രമക്കേടുകളെ സംബന്ധിച്ച് അന്വേഷണം നടത്തുകയും അതു സംബന്ധിച്ച റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഫിഷറീസ് സഹകരണസംഘം രജിസ്ട്രാർ നൽകിയ അന്വേഷണ റിപ്പോർട്ട് അടിയന്തിരമായി പരിശോധിച്ച് കുറ്റക്കാരെന്ന് കാണുന്നവർക്കെതിരെ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

മത്സ്യഫെഡ് സഹകരണ സംഘങ്ങൾ നടത്തുന്ന മണ്ണെണ്ണ തട്ടിപ്പ് ഇല്ലാതാക്കാൻ നടപടി

120 (1012) ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. സ്റ്റീഫൻ ജോർജ് :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യഫെഡിന്റെ കീഴിലുള്ള സഹകരണ സംഘങ്ങളിൽ മണ്ണെണ്ണ പെർമിറ്റുകൾ ഉള്ള എത്ര മത്സ്യത്തൊഴിലാളികളുണ്ട് ; ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly